# റൂറൽ ജില്ലയിൽ നാലമത്തെ - ഹൈവേ പോലീസ്



എറണാകുളം റൂറൽ ജില്ലയിൽ നാലമത്തെ ഹൈവേ പോലീസ് പട്രോൾ സംവിധാനത്തിന്റെ ഉത്ഘാടനം ഇന്ന് (10.09.2019) എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി ശ്രീ കെ.കാർത്തിക് IPS ജില്ലാ പോലീസ് ഓഫീസിന് സമീപം വച്ച് നിർവ്വഹിച്ചു

ആലുവ മൂന്നാർ റോഡിൽ ആലുവ മുതൽ കോതമംഗലം വരെയാണ് ഹൈവേ പോലീസ് പട്രോൾ പാർട്ടിയുടെ സേവനം ലഭിക്കുക. ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുന്നതിലൂടെ റേഡപകടങ്ങൾ കുറക്കുക, അപകടത്തിൽപെടുന്നവർക്ക് പെട്ടന്ന് തന്നെ സഹായം ലഭ്യമാക്കുക സാമൂഹീക വിരുദ്ധരുടെ ശല്ല്യത്തിൽ നിന്നും രാത്രി കാല യാത്രക്കാരെ സംരക്ഷിക്കുക. എന്നിവയാണ് ഇത് ലക്ഷ്യമാക്കുന്നത്. ഉത്ഘാടന ചടങ്ങിൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ആർ.റാഫിയും ജില്ലയിലെ മറ്റു പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. ഹൈവേ പോലീസ് പട്രോൾ വാഹനത്തിൽ ഒരു സബ്ബ് ഇൻസ്പെക്ടർ രണ്ട് പോലീസ് കോൺസ്റ്റബിൾ, ഒരു ഡ്രൈവർ എന്നിവരാണ് ഡ്യൂട്ടിയിൽ ഉണ്ടാവുന്നത്. പെരുമ്പാവൂർ കേന്ദ്രീകരിച്ചാണ് പുതിയ ഹൈവേ പോലീസ് പ്രവർത്തിക്കുന്നത്.